# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2300 15.7..2011 ൽ മറുപടിക്ക്

## കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

**ചോദ്യം**
ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രവർത്തി ഏതു ഘട്ടത്തിലാണ് ;

(എ) (1) സ്റ്റേഡിയം - പുതിയറ റോഡിന്റെ (600 മീ) സ്ഥലമെടുപ്പ് പൂർത്തിയായി. റോഡു നിർമ്മാണത്തിന് 3.65 കോടി രൂപയുടെ ഭരണാനുമതി നൽകി. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(2) വെള്ളിമാടുകുന്ന് - കോവൂർ (2.70 കി.മീ) റോഡു വികസനത്തിന് ആകെയുള്ള 9 ബ്ലോക്കിൽ 8 ബ്ലോക്കുകളുടെ ഭൂമി ഏറ്റെടുത്തു. ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(3) കാരപ്പറമ്പ് - കല്ലുത്താൻ കടവ് ( 4.70 കി.മീ) അടിയന്തിര ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 4 (1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ആഗസ്റ്റ് മാസത്തിൽ ഭൂമി ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(4) ഗാന്ധി റോഡ് - മിനി ബൈപ്പാസ് & കുനിയിൽക്കാവ് - മാവൂർ റോഡ് (3.38 കി.മീ) അടിയന്തിര ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ആഗസ്റ്റ് മാസത്തിൽ ഭൂമി ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(5) പനത്തുതാഴം - സിഡബ്ല്യു. ആർ.ഡി.എം (8.44 കി. മീ) അടിയന്തിര ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവ്വേ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ ഭൂമി ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(6) മാനാഞ്ചിറ - വെള്ളിമാടുകുന്ന് ( 8.4 കി.മീ) അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. അടിയന്തിര ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നു.

(7) പുഷ്പ ജംഗ്ഷൻ - മാങ്കാവ് ജംഗ്ഷൻ (2.34 കി.മീ) അലൈൻമെന്റ് മാറ്റി വരച്ച് പൊതുജനങ്ങളുടെ അഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചു.

(ബി) പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) ഭൂമി ഏറ്റെടുക്കൽ പൂർണ്ണമാകുന്ന മുറയ്ക്ക് റോഡുകളുടെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ